# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **20.06.2018-ൽ മറുപടിക്ക്**
**നമ്പർ.3399**

## <u>വികലാംഗർക്കായുള്ള പി.എസ്.സി പരീക്ഷകൾ</u>

**ചോദ്യം**
**ശ്രീ.വി.ആർ.സുനിൽകുമാർ**

**ഉത്തരം**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

<table>
<tr>
<td>(എ)</td>
<td>വികലാംഗർക്കായി സംവരണം ചെയ്ത ഒഴിവുകളിലേയ്ക്കായി പി.എസ്.സി പ്രത്യേക പരീക്ഷകൾ നടത്തുന്നുണ്ടോ; എങ്കിൽ 2012 മുതൽ ഏതെല്ലാം തസ്തികകളിലേയ്ക്കാണ് പരീക്ഷ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;</td>
<td>(എ)</td>
<td>വികലാംഗർക്കായി സംവരണം ചെയ്ത ഒഴിവുകളിലേക്കുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മതിയായ എണ്ണം അപേക്ഷകൾ ലഭിക്കുന്ന പക്ഷം OMR/Online പരീക്ഷകൾ നടത്താറുണ്ട്. അപേക്ഷകരുടെ എണ്ണം വളരെ കുറവാണെങ്കിൽ ഇന്റർവ്യൂ മാത്രം നടത്തി തെരഞ്ഞെടുപ്പ് നടപടിക്രമം പൂർത്തീകരിക്കാറുണ്ട്. 2012 ന് ശേഷം വികലാംഗ സംവരണം ചെയ്ത ഒഴിവുകളിലേക്ക് നടത്തിയ പരീക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>കാറ്റഗറി നമ്പർ</th><th>പരീക്ഷയുടെ പേര്</th><th>OMR/Online</th></tr>
<tr><td>1</td><td>258/12</td><td>LDC(Various)</td><td>OMR</td></tr>
<tr><td>2</td><td>646/13</td><td>D'man Gr.II, KWA</td><td>Online</td></tr>
<tr><td>3</td><td>097/14</td><td>Agriculture Assistant Grade II, Agriculture Department</td><td>Online</td></tr>
<tr><td>4</td><td>413/16</td><td>LDC /Village Assistant</td><td>OMR</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>436/2012, 524/2014, 56/2014, 782/2014, 194/2015, 222/2015,337/2016, 353/2016, 413/2016, 123/2017 എന്നീ നമ്പർ പ്രകാരമുള്ള കാറ്റഗറികളിലേക്ക് പരീക്ഷകൾ നടത്തുകയുണ്ടായോ; വ്യക്തമാക്കാമോ;</td>
<td rowspan="2">(ബി) യും (സി) യും</td>
<td rowspan="2">436/12, 782/14, 194/15, 222/15, 413/16, 123/17 എന്നീ കാറ്റഗറികളിലേക്ക് പി.എസ്.സി. പരീക്ഷ നടത്തിയിട്ടുണ്ട്. 524/14, 56/14 എന്നീ കാറ്റഗറികളിലേക്ക് അഭിമുഖം നടത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. 353/16-Process Server(judicial) കൊല്ലം , കാസർഗോഡ് ജില്ലകളിൽ നിന്നു മാത്രം റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവായതിനാൽ പ്രസ്തുത ജില്ലകളുടെ പരീക്ഷ മാത്രം നടത്തിയിട്ടുണ്ട്. 337/16 Peon (Apex Co-op Society) സ്പെഷ്യൽ റൂൾ പരിഷ്കരിച്ചതിനാൽ ഈ വിജ്ഞാപനം റദ്ദു ചെയ്തു.</td>
</tr>
<tr>
<td>(സി)</td>
<td>പരീക്ഷകൾ നടത്തിയിട്ടുണ്ടെങ്കിൽ അവയിൽ ഏതെല്ലാം തസ്തികകളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ; പരീക്ഷകൾ നടത്തിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;</td>
</tr>
<tr>
<td>(ഡി)</td>
<td>പി.എസ്.സി പരീക്ഷകളിൽ ഹാൾടിക്കറ്റിനായി കൺഫർമേഷൻ നടത്തുന്ന സമ്പ്രദായം</td>
<td>(ഡി)</td>
<td>26.05.2018 മുതലുള്ള പരീക്ഷകൾക്കാണ് കൺഫർമേഷൻ സംവിധാനം നടപ്പിലാക്കിയത്. (സാങ്കേതിക കാരണങ്ങളാൽ ടി പരീക്ഷ 22.07.2018</td>
</tr>
</table>

| | | | |
|---|---|---|---|
| | ആവിഷ്കരിച്ചതെപ്പോഴാണ്; ആയതിൽ നിന്ന് വികലാംഗരായ ഉദ്യോഗാർത്ഥികളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | ലേയ്ക്ക് മാറ്റിയിട്ടുണ്ട്) 2018 ആഗസ്റ്റ് 15 മുതൽ എല്ലാ പരീക്ഷകൾക്കും ഹാൾ ടിക്കറ്റ് ഡൗൺലോഡിംഗുമായി ബന്ധപ്പെട്ട് കൺഫർമേഷൻ നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. നിശ്ചിത തീയതിക്കകം പരീക്ഷ എഴുതുമെന്ന് കൺഫർമേഷൻ നൽകുന്ന അപേക്ഷകരുടെ എണ്ണം അടിസ്ഥാനമാക്കിയാണ് പരീക്ഷാ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കൽ, ചോദ്യപേപ്പർ അച്ചടി ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ നടത്തുന്നത്. നിരവധി സാങ്കേതികവും, പ്രായോഗികവുമായി തടസ്സങ്ങൾ ഉണ്ടാകുമെന്നതിനാൽ ഒരു വിഭാഗത്തെയും ഈ സംവിധാനത്തിൽ നിന്നും ഒഴിവാക്കാൻ പി.എസ്.സി. തീരുമാനിച്ചിട്ടില്ല. |
| (ഇ) | സാങ്കേതിക കാരണങ്ങളാൽ പരീക്ഷ നീട്ടി വയ്ക്കുന്ന/മാറ്റിവയ്ക്കുന്ന സാഹചര്യങ്ങളിൽ ഹാൾടിക്കറ്റിന് കൺഫർമേഷൻ നൽകാൻ കഴിയാതാകുന്നതോ നൽകാതിരുന്നതോ ആയ ഉദ്യോഗാർത്ഥികൾക്ക് പുന:പരീക്ഷയിൽ ഹാൾടിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ? | (ഇ) | 26.05.2018 ന് നടക്കേണ്ടിയിരുന്നതും എന്നാൽ മാറ്റി വച്ചതുമായ CPO/WCPO പരീക്ഷക്ക് കൺഫർമേഷൻ സമ്പ്രദായം ആദ്യമായി നടപ്പിലാക്കിയതിനാലാണ് 3 ദിവസം കൂടി കൺഫർമേഷൻ നൽകുന്നതിനായി ഇളവ് അനുവദിച്ചത്. തുടർന്നുള്ള പരീക്ഷകൾക്ക് ഇളവ് അനുവദിക്കേണ്ടതില്ലെന്ന് പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ